വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ സി. എച്ച്. മുഹമ്മദുകോയ):

(എ) 134

(ബി) 15

(സി) ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുടെ ശുപാർശ കിട്ടിക്കഴിഞ്ഞ ശേഷമേ ജൂനിയർ കോളേജുകൾ അപ്ഗ്രേഡ് ചെയ്യുന്ന പ്രശ്നം പരിഗണിക്കുകയുള്ളൂ.

ഫിലിം ഡവലപ്മെൻറ് കോർപ്പറേഷൻ

* 338 [355] ശ്രീ. വട്ടിയൂർക്കാവ് രവി:

ശ്രീ. എസ്. തങ്കപ്പൻ പിള്ള:

ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫിലിം ഡവലപ്മെൻറ് കോർപ്പറേഷൻ നിലവിൽ വന്നിട്ട് ഇപ്പോഴം എത്ര കാലമായി;

(ബി) അതിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) തിരുവനന്തപുരത്ത് ഒരു പൊതു മേഖലാ സ്റ്റുഡിയോ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ ഏതു നിലയിലിരിക്കുന്നു?

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) കേരള സ്റ്റേറ്റ് ഫിലിം ഡവലപ്മെൻറ് കോർപ്പറേഷൻ 23-7-75-ൽ കമ്പനി ആക്ടനുസരിച്ച് റജിസ്റ്റർ ചെയ്തു. ഡയറക്ടർ ബോർഡിലേക്കുള്ള അംഗങ്ങളുടെ നിയമനം ഒക്ടോബറിൽ നടത്തുകയും കോർപ്പറേഷൻ 1975 ഒക്ടോബറിൽ പ്രവർത്തനം തുടങ്ങുകയും ചെയ്തു.

(ബി) മലയാളം ഫിലിം വ്യവസായത്തിന്റെ സർവ്വതോൻമുഖമായ വികസനമാണ് കോർപ്പറേഷന്റെ ലക്ഷ്യം.

(സി) ഇതിനായി എല്ലാവിധ സജ്ജീകരണങ്ങളോടുംകൂടിയ ഒരു ഫിലിം സ്റ്റുഡിയോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. 1979 ഒക്ടോബർ മാസത്തിൽ ഈ ജോലി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ ഒരു തിയേറ്റർ ശൃംഖല ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു കഴിഞ്ഞു.

പത്രപ്രവർത്തകർക്ക് പെൻഷൻ

* 339 [356] ശ്രീ കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ എത്ര പത്രപ്രവർത്തകർക്കാണ് പെൻഷൻ കൊടുത്തത്; അതിന് എന്തു തുക ചിലവായി;

LIBRARY ARCHIVES Kerala Legislative Assembly